# കലിക



## ഉള്ളടക്കം

മൌണ്ട് കാർമൽ ഹൈ സ്കൂൾ
ശ്രീ ബുദ്ധന്റെ മഹത് വചനം
തൂലിക
ബാല്യം
കുഞ്ഞിപ്പൂവ്
എന്റെ പച്ചക്കറി തോട്ടം
ചാവറയച്ചന്റെ സൂക്തങ്ങൾ
കടങ്കഥകൾ
കുട്ടിക്കാലം
നല്ല നാളെയ്ക്കായി
വിദ്യാലയം
എൻ തറവാട്
മഴ
നിഴൽ
അമ്മതൻ സ്നേഹം
സന്ദർഭങ്ങൾ തിരിച്ചറിയുമ്പോൾ
അമ്മച്ചി പുവാക
ഓർമ്മയുടെ ജാലകം
നവമാധ്യമങ്ങളുടെ അധിപ്രസരണം
സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട
നന്ദി

# എഡിറ്റോറിയൽ ബോർഡ്





പ്രിയമുള്ള വിദ്യർത്ഥികളെ ,

ഹൈടെക് യുഗത്തിൽ സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം ഗുണപരമായും,സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്താനായി ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ കൂട്ടായ്മയും അതിന്റെ പ്രവർത്തനങ്ങളും വിദ്യാർത്ഥികളെ പഠന പ്രവർത്തനങ്ങളിൽ ഉന്നതിയില്ലേക്ക് ഉയർത്തുന്നു. ഇക്കാര്യത്തിൽ എല്ലാവിധ വിജയാശംസകളും നേർന്നു കൊണ്ട്

ഹെഡ്മിസ്ട്രസ്
Sr.Prima



*Prabavathi Tr*
*SITC*

**സാങ്കേതികവിദ്യയുടെസഹായത്തോടെ തങ്ങൾക്ക് ലഭിച്ച അറിവുകളുടെ വെളിച്ചത്തിൽ നല്ലൊരു മാഗസിൻ 'കലിക' ഇത്ര മനോഹരമായി ഈ ചുരുങ്ങിയ കാലയളവിൽ തയ്യാറാക്കാൻ സഹകരിച്ച എല്ലാ കൈറ്റ് അംഗങ്ങൾക്കും നല്ലൊരു ഭാവി ആശംസിക്കുന്നു.**



*Shaila Tr*



*Jeethu Tr*

LK.MISTRESS

# മൗണ്ട് കാർമൽ H.S.S മാമണ ജെല്ലിപ്പാറ

അട്ടപ്പാടിയുടെ അഭിമാനമായി ഉയർന്നു വന്ന മനോഹരമായ വിദ്യാലയമാണ് മൗണ്ട് കാർമൽ H.S.S മാമണ .


അനേകം പേരെ അക്ഷരത്തിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ ഒരു വിദ്യാലയമാണ് മൗണ്ട് കാർമൽ H.S.S . പല വിദ്യാർത്ഥികളെയും വലിയ...... വലിയ സ്ഥാനങ്ങളിലേക്ക് ഉയർത്തിയഒരുവിദ്യാലയം.കേരളത്തിൽ പാലക്കാട്ടിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് മൗണ്ട് കാർമ്മൽ H.S.S . കുട്ടികളെ അറിവിന്റെ ലോകത്തേക്ക് വളർത്തുന്നു. അതോടൊപ്പം മാനസികവും ശാരീരവുമായ വളർച്ചക്കും കൂടി മുൻതൂക്കം കൊടുക്കുന്ന വിദ്യാലയം കൂടിയാണ്. ഇവിടെ പഠിക്കുന്ന ഓരോ കുട്ടികളുടെ മാതാപിതാക്കൾക്കും അറിയാം. ഈ സ്കൂളിൽ തന്റെ കുട്ടി എത്ര സുരക്ഷിതമാണ് എന്ന്. മൗണ്ട് കാർമൽ H.S.S അച്ചടക്കത്തിന്റെ കാര്യത്തിലും പിറകിലല്ല.

ഓരോ അദ്ധ്യായവും കളിയില്ലൂടെയും ചിരിയില്ലൂടെയും വളരെ മനോഹരമായി പറഞ്ഞു തരുന്ന അദ്ധ്യാപകർ. കുട്ടികളുടെയും അദ്ധ്യാപകരുടെയും സ്കൂളുകളിന്റെയും ആവശ്യങ്ങൾ വളരെ കൃത്യമായി നിർവഹിക്കുന്ന H.M . കുട്ടികളുടെ പഠനത്തിനൊപ്പം അവരുടെ കലകായിക കഴിവുകൾ വികസിപ്പിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്കൂളും പരിസരവും വളരെ വൃത്തിയായി ആണ് സൂക്ഷിക്കുന്നു. അതുപോലെ തന്നെ പരിസ്ഥിതി സംരക്ഷിച്ചും ഓരോ ചെടിയും മരവും വെച്ചുപിടിപ്പിച്ചും കുട്ടികളെ നല്ല പരിസ്ഥിതി സംരക്ഷകരായി മാറ്റുന്നു. അഞ്ചാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെ സൗജന്യമായി ഉച്ചഭക്ഷണവും നൽകുന്നു. തന്റെ കുട്ടികളുടെ വളർച്ചയ്ക്ക് വേണ്ടി രാത്രി എന്നോ പകലെന്നോ നോക്കാതെ ഓരോ അദ്ധ്യാപകരും അദ്ധ്വാനിക്കുന്ന സ്കൂളാണ് മൗണ്ട് കാർമൽ H.S.S.




കുട്ടികളിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമാശങ്ങളുടെ ആവിഷ്കാരമാണ് വിദ്യഭ്യാസം എന്ന് ഓരോ കുട്ടികളെയും മൗണ്ട് കാർമലിലെ അദ്ധ്യപകർ പഠിപ്പിക്കുന്നു. സർഗാത്മ സന്തോഷത്തിന്റെ വാഹകരായി പഠിതാക്കളെ മാറ്റി എടുക്കുന്ന വരാണ് അദ്ധ്യപകർ എന്ന് മനസ്സിലാക്കികൊണ്ട് മൗണ്ട് കാർമലിലെ ഓരൊ അദ്ധ്യപകരും തങ്ങളുടെ കുട്ടികളെ വളർത്തിയെടുക്കുന്നു. ഇത്കൊണ്ട് മാത്രം തീർന്നില്ല. USS,NMSS സ്കോളർഷിപ്പുകൾക്ക് ഒരുങ്ങുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകളും അദ്ധ്യപകർ നൽകുകയും ചെയ്യുന്നു. IT മേഖലയിലും വളരെ മുന്നിലാണ് മൗണ്ട് കാർമൽ H.S.S. ലിറ്റിൽ കൈറ്റ്സ് ക്ലബ് രൂപീകരിക്കുകയും അതിന് ആവശ്യമായ ക്ലാസ്സുകളും കോച്ചിംങ്ങും നൽകുകയും ചെയ്യുന്നു. അട്ടപ്പാടിയിൽ ഏറ്റവും കൂടുതൽ A+ നേടുന്ന വിദ്യാലയമായി മൗണ്ട് കാർമൽ H.S.S മാറി കഴിഞ്ഞു. ഇങ്ങനെയൊക്കെകൊണ്ട് മൗണ്ട് കാർമൽ H.S.S ഒരു മികച്ച സ്കൂളായി മുന്നേറുന്നു.

**Abel Biju**



# ശ്രീബുദ്ധന്റെ മഹത്ത് വചനം

"സ്നേഹിക്കുക"
എന്നാൽ നിങ്ങളുടെ ഹൃദയത്തെ
ദുർവിനയോഗം ചെയ്യാൻ ആരേയും
അനുവദിക്കാതിരിക്കുക

അർത്ഥ ശൂന്യമായ ആയിരം
വാക്കുകളേക്കാൾ മികച്ചതാണ് ആശ്വാസം
നൽകുന്ന ഒരു വാക്ക്

ഇന്ന് നിങ്ങളെ എന്താണോ ദുഃഖിപ്പിച്ചത്
നാളെ നിങ്ങളെ അത് ശുദ്ധനാക്കും


Delna Martin

# തൂലിക

ഞാൻ ആദ്യക്ഷരം കുറിക്കാൻ
തുടങ്ങിയതുമുതൽ നീയെൻ
കൂട്ടുകാരിയായിരുന്നു.
ഞാൻ അമ്മ എന്നു എഴുതിയപ്പോൾ
എൻ വിരൽ തുമ്പിൽ ചലിച്ചതും
നീ തന്നെയായിരുന്നു
ഞാൻ പോകും വഴിക്കെല്ലാം നീ
എൻ കൂടെ കൂട്ടുകാരിയായ് ഉണ്ടായിരുന്നു
ഇന്നും നീയെന്റ വിരൽതുമ്പിൽ
വിരിയുന്ന പുഷ്പമായ്
എൻ പുസ്തകത്തെ ഭംഗിയാക്കുന്നു

**Abhijith M A**




ബാല്യം
ശൈശവത്തിൻ കൌമാരത്തിൻ മദ്ധ്യേ
എന്നെ ഞാനാക്കി മാറ്റിയ കാലമേ ,
തിരികെ വരില്ലെന്നറിയാം എന്നാൽ
തിരികെ വരുകിൽ എന്നൊരാശ.
താതന്റെ വിരലോടു കൈചേർത്ത്
അമ്മതൻ മാറോടണഞ്ഞ്
നടന്നോരാ പിഞ്ചുമനസ്സേ
നീ തിരികെയെന്നടുക്കൽ വരൂ.
നേട്ടത്തിനുള്ളയി ഭ്രാന്തമാമോട്ടം
ഇനിയെത്രനാൾ നീളും
ഞാൻ ഞാനല്ലാതെയാകുമോ-
യെന്ന ഭയമേയുള്ളു നെഞ്ചിൽ
വ്യർത്ഥമെന്നറിയാമീ ചിന്തകൾ
എങ്കിലുമാസ്മരണകൾ എനിക്കുണർവേകുന്നു.
Tibina


കുഞ്ഞിപ്പൂവ്
പൂവേ പൂവേ കുഞ്ഞിപ്പൂവേ
ചന്തം ഉള്ളൊരു കുഞ്ഞിപ്പൂവേ
മണവുമുള്ളൊരു കുഞ്ഞിപ്പൂവേ
വെള്ളക്കാരി കുഞ്ഞിപ്പൂവേ
പൂവേ പൂവേ പൊൻപൂവേ
നിന്നെക്കാണാൻ എന്തൊരു ചന്തം
നിന്നെ പുൽകിയാൽ എന്തൊരു സുഗന്ധം
പൂക്കളിൻ സുന്ദരി നീയല്ലെ
വെൺമ നിറഞ്ഞ നിന്നുടെ മേനി
മനസ്സിന് നൽകിയ കുളിരെത്ര
പുഷ്പിത ലോകം നിന്നെ നോക്കി
കുസൃതിത്തരങ്ങൾ കാട്ടുമ്പോൾ
പ്രാണികൾ,ജീവികൾ എല്ലാം നിന്നുടെ
വെള്ള നിറഞ്ഞ പ്രകീർത്തിക്കും.
By
Angel Siju

# എന്റെ പച്ചക്കറി തോട്ടം

എന്റെ വീട്ടിൽ ഒരു ചെറിയ പച്ചക്കറിത്തോട്ടം
ഉണ്ട് . അധികം സ്ഥലം ഇല്ലെങ്കിലും ചുരുങ്ങിയ
നിമിഷം കൊണ്ടും സമയം കൊണ്ടും നിർമ്മിച്ച
സുന്ദരമായ ഒരു തോട്ടം . വീട്ടിനത്യാവിശ്യമായ
പച്ചക്കറി-
കൾ ആവിശ്യ സമയത്തിന് തോട്ടത്തിൽ
ചെന്നാൽ കിട്ടും.സ്കൂൾ
ഇല്ലാത്ത ദിവസം ഞാനും വീട്ടുക്കാരും ചേർന്ന്
പകുതി സമയം
ചിലവഴിക്കുന്നത് തോട്ടത്തിലാണ്.വിഷമില്ലാത്ത
നല്ല വിളഞ്ഞ പച്ച-
ക്കറി സ്വാദോടെ കഴിക്കാം.കുറേ പച്ചക്കറികൾ
ഞങ്ങൾ അയൽ-
ക്കാർക്ക് കൊടുക്കും.വീട്ടിൽ
സ്ഥലമില്ലാത്തതിനാൽ ഗ്രോബാഗുകളിൽ
ചാക്കുകളിൽ മണ്ണ് നിറച്ച് തൈകളും
ചെടികളും നട്ടും. പഴയ തുണി
സഞ്ചി,പ്ലാസ്റ്റിക്ക് കുപ്പി,ചിരട്ട തുടങ്ങി കുറേ
സാധനങ്ങളിൽ മണ്ണ്
നിറച്ച് ചെടി നട്ടും. നാം നട്ട് വളർത്തിയ
ചെടിയിൽ നിന്ന് കിട്ടുന്ന
വിഭവങ്ങൾ . എന്തു സന്തോഷമായിരിക്കും! അത്
അനുഭവിക്കുക
തന്നെ വേണം... എന്റെ തോട്ടത്തിൽ
തക്കാളി,മുളക്,വെണ്ടക്ക
തുടങ്ങി പലതരം പച്ചക്കറികൾ ഉണ്ട്.പല
ഇനത്തിലുള്ളതും ഉണ്ട്.
സമൂഹത്തിൽ പച്ചക്കറികളിൽ മാത്രം അല്ല
മായവും വിഷവും ചില മനുഷ്യരിലും ഉണ്ട്.
'സ്വന്തമായി ഒരു പച്ചക്കറി തോട്ടം ' അതായിരി
ക്കണം നമ്മുടെ അടുത്ത ചുവട്......



# ചാവറയച്ചന്റെ സൂക്തങ്ങൾ

"കട്ട വസ്തു കത്തിപ്പോകും "

"അതി ധാരാളിത്യവും
അതിലുബ്ധവും
ഒരേപോലെ തിന്മയാണ്"

"ഒരു വലിയ വെട്ടം കാണിച്ചിട്ട്
ഉടൻ കെട്ടുപോകുന്ന ഒരു
വൈക്കോൽ തുറുവിനേക്കാൾ
നിലനിൽക്കുന്ന വെളിച്ചം
കാണിക്കുന്ന വിളക്ക്
നല്ലതാകുന്നു"

**മെൽവിൻ**

# കടങ്കഥകൾ


മുള്ളുണ്ട് മുരിക്കല്ല, പാലുണ്ട് .
പശുവല്ല, വാലുണ്ട് വാനരനല്ല
നൂലുണ്ട്, പട്ടമല്ല......

മണ്ണുവെട്ടി പാറകണ്ടു
പാറവെട്ടി വെള്ളി കണ്ടു
വെള്ളി വെട്ടി വെള്ളം കണ്ടു
എന്നാൽ ഞാനാര്?

മരത്തിലുണ്ട്, വരത്തിലില്ല
പുഴുവിലുണ്ട് പ്രാണിയല്ല
എന്നെ കണ്ടാൽ മരങ്ങൾ
പേടിക്കും
ഞാനാര്?

പാടുന്നുണ്ട് , പറക്കുന്നുണ്ട്
തട്ടുന്നുണ്ട്, തലോടുന്നുണ്ട്
കാണാൻ പറ്റാത്ത കുറുമ്പനാര്?

BY: MINHA



# ഓർമ്മകൾ


ഒരിക്കൽ  കൂടി കിട്ടുമോ
എൻ കുട്ടിക്കാലം
കളികളും ചിരികളും
കൂടി എത്ര സുന്ദരം
ആ   കാലം...........
ഇണക്കങ്ങളും പിണക്കങ്ങളും
കൂട്ടി   മുറിക്കിയാ കുട്ടിക്കാലം
വരുമോ തിരികെ നീ
എൻ വീടിന്റെ മുറ്റത്ത്
തുമ്പപ്പോലെ പുൽതുള്ളി
ഓടി ചാടിനടന്ന
മേടം പറമ്പും
ഓണം  പോൽ
വിശിഷ്ടമാം സമൃതിയാം
എൻ കുട്ടിക്കാലം
മാവേലി നാട്ടു വാണീടും
ആ കാലം സന്തോഷത്തിൻ
പുലരിനിറഞ്ഞ നിമിഷം
വിയലത്തും ചെളിയിലും
കളിച്ചു  ചെളിപുരണ്ടാൽ
അമ്മ കോപിക്കുമോ എന്ന ആശ......
അമ്മതൻ മടിയിൽ  ചായുറങ്ങാൻ
എൻ ഹൃദയം വിതുമ്പും
മുത്തശ്ശതൻ കുട്ടികഥകൾ
കേൾക്കുവാൻ എൻ കാതുകൾ
തുടിക്കുന്നു ഈ നിമിഷം
അച്ഛൻ തൻ നെഞ്ചിൽ
ചായുറങ്ങുൻ എൻ ശരീരം
കുളിരുകയാണ
തിരികെ വരുമോ എൻ
കുട്ടിക്കാലം കാത്തിരിപ്പോ
ഞാൻ ആ  സുദിനം
ആ ധന്യ  നിമിഷം

gouri us 8c

# നല്ല നാളെക്കായി

കൂട്ടരെ  കൂട്ടരെ കൂട്ടുകാരെ
കേൾക്കുവിൻ കേൾക്കുവിൻ തെല്ലുനേരം
വേണ്ട പ്ലാസ്റ്റിക്ക് വിഷങ്ങൾ വേണ്ട
മലിനമാക്കുന്നതൊന്നും വേണ്ട
കാട്ടിൽ വേണ്ട കടലിൽ വേണ്ട
നാട്ടിലാണെൽ വേണ്ടേ വേണ്ട
വേണ്ടതെല്ലാം നാളെക്കായി
നന്മ ചേർക്കും മേന്മ മാത്രം
ജൂണഞ്ചിൽ നാളിലെങ്ങും
കൈയിലേന്തി കുഞ്ഞുതൈകൾ
അമ്മതൻ നെഞ്ചിലെങ്ങും
പച്ച കുത്തി ചേർത്തുവെച്ചും
തണൽമരങ്ങൾ കുടവിരിക്കാൻ
അടയിരിക്കാം കൂട്ടുകാരെ
ഉറവയുറ്റും പുഴയും തോടും
പാൽ ചിതറും ചോലകളും
പ്രാണനായി പോറ്റിടാം
നാളെക്കായി കാത്തിടാം
പാട്ടുംപാടി കിളികൾക്കായി
ആടി നിൽക്കും മയിലിനായും
കണ്ണിമയ്ക്കാ കാവൽ നിൽക്കാം
ഇന്നിനൊപ്പം ചുവടു വയ്ക്കാം
ചുടുനിശ്വാസങ്ങൾ ഉയർത്തുമാറി
ഇളം കാറ്റായ് തഴുകും നേരം
കാടുണരും നാമുണരും
നാട്ടിലെങ്ങും പാട്ടുണരും.

Sania



# വിദ്യാലയം

പ്രകൃതി സുന്ദരമായ അട്ടപാടിയുടെ മടിത്തട്ടിൽ
അതിമനൊഹരമായ ഓർമ്മകൾ സമ്മാനിക്കുന്ന
ഒരു വിദ്യലയം .

കളിയും ചിരിയും
ഇണക്കവും പിണക്കവുമായി ഒരു പിടി
സൌഹൃദങ്ങളുമായി ഉപരിപഠനത്തിനായി പഠിച്ചിറങ്ങുന്ന
ഓരോ മക്കളും അഭിമാനത്തോടെ പറയും ഞങ്ങൾ
മൌണ്ട് കാർമ്മലിന്റെ മക്കളാണെന്ന്.

ഓരോരുത്തരുടെയും
ഉന്നമനത്തിനും വിജയത്തിനും നിരന്തരം
പരിശ്രമിക്കുകയാണ് ഞങ്ങളുടെ സനേഹനിധിയായ
പ്രിൻസിപ്പലും ഹെഡമിസട്രസും അവരുടെ
സഹപ്രവർത്തകരായ അധ്യാപകരും അനധ്യാപകരും
മറ്റും. കലാകായിക രംഗത്ത് മൌണ്ട് കാർമ്മലിന്റെ
പ്രശസതി ജില്ല മുതൽ അങ്ങ് ദേശീയതലം വരെ വ്യാപിച്ച്
കിടക്കുന്നു.ഞങ്ങളുടെ ഓരോ വളർച്ചക്കുപിന്നിലും
ഇവിടുത്തെ ഓരോ അധ്യാപകരും വഹിച്ചിരിക്കുന്ന പങ്ക്
ഏറെ ശ്ലാഘനീയമാണ്. ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന ഓരോ
മക്കൾക്കും ഏറെ ഉണ്ടാവും പറയാൻ ഒരുപിടി നല്ല
ഓർമ്മകളും അവർ സമ്മാനിച്ച നല്ല ഓർമ്മകൾ മാത്രമാണ്
എന്നും കൂടെയുള്ളത്. വർഷങ്ങളായി
100% വിജയം എന്ന ലക്ഷ്യവുമായി മുന്നോട്ട് നീങ്ങുകയാണീ
വിദ്യാലയം. അതിന്റെ ഫലമായി തന്നെ
രാഷ്ട്രീയനേതാക്കൾ മക്കൾക്ക് നൽകിയ വാഗ്ദാനം
പാലിച്ചു. സുന്ദരമായ ഡൽഹി നഗരത്തിൽ എത്തി ചേരാനും
അവിടുത്തെ സുന്ദരസൃഷ്ടികൾ ആസ്വദിക്കാനും
സാധിച്ചു . തങ്ങളുടെ സ്വപ്നങ്ങൾ നെഞ്ചിലേറ്റി അവയക്ക്
നിറമേകാൻ ഇവിടെ നിന്ന് പഠനം പൂർത്തിയാക്കി
പടിയിറങ്ങുന്ന വിദ്യാർത്ഥികളുടെത് വിങ്ങുന്ന നെഞ്ചും
തകരുന്ന മനസുമാണ്.........

മൌണ്ട് കാർമ്മലിന്റെ
കീർത്തി വാനോളമുയർത്താൻ ഇവിടെ പഠിക്കുന്ന എല്ലാ
വിദ്യാർത്ഥികൾക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# എൻതറവാട്

ഒത്തിരിയൊത്തിരി മധുരമുള്ള ഓർമ്മകൾ



നൽകീടും എൻ ഭൂമിയിലെ

സ്വർഗ്ഗമാം തറവാട്.

തറവാടിൽ കുറവുണ്ട് പലതിനും

എന്നാൽ ഒരിക്കലും വാറ്റാത്ത പുണ്യജലം പോലെ

കവിഞ്ഞൊഴുകുന്ന സ്നേഹത്തിൻ നീരുറവ.മുത്തശ്ശൻ തൻ

വാത്സല്ല്യത്തോടെ

ഓതിത്തരും പ്രകൃതിതൻ അമ്മയെന്ന സത്യം

കളിചൊല്ലി കഥചൊല്ലി കാലം

കാലം മായ്ച്ചുകളഞ്ഞു പലതും

എന്നാൽ മായാതെ കിടക്കുന്ന എൻ


തറവാട്.എൻ ബാല്യത്തെ

മനോഹരമാക്കിയ തറവാട്.

അന്നും ഇന്നും എൻ ഭൂമിയിലെ

സ്വർഗ്ഗം തന്നെ

മിൻഹഫാത്തിമ



# മഴ

മഴ തൂവൽ പോലെ പാറിവരുന്നു
മഴ കാറ്റ് ആയി വീശീ വരുന്നു
തൂവൽ പോലെയും കാറ്റ് പോലെയും
മഴയേ നീ ആടിയും പറന്നും വരു

മഴക്കാറിൽ മുഖം തെളഞ്ഞിരിക്കുന്നു
രാവും പകലും ഇരുട്ടിരിക്കുന്നു
മഴക്ക് ശേഷം പകൽ
പുലർന്നിരിക്കുന്നു
മഴക്ക് ശേഷവും രാവ്
ഇരുട്ടിരിക്കുന്നു.
മഴയേ എൻ മധുരമായി വരൂ നീ വരൂ

reshmi m


നിഴൽ
നിഴലാം എൻ ഉറ്റ ചങ്ങാതി
എന്നെ പിരിയാത്ത ചങ്ങാതി
സുഖ-ദുഃഖ വേർതിരിവില്ലാതെ
എൻ ജീവിതപാതയതിൽ
സന്തത സഹചാരി
നിഴലെൻ ഉറ്റ ചങ്ങാതി......
ALEENA



# അമ്മതൻ സ്നേഹം

ആരുമില്ലെങ്കിലും എനിക്കീ
ലോകത്തു  നീൻ സ്നേഹം മതി എൻ അമ്മേ
നിൻ കണ്ണിലെ കൃഷ്ണ്മണി
പോലെ നീ എന്നെ നോക്കി
നിൻ  നെഞ്ചിൻ ചാരത്തു
നിൻ ചൂടേറ്റു ഞാൻ മയങ്ങി
നിൻ സ്നേഹത്തിൻ വേരിൽ
നീ എന്നെ വളർത്തി
നിൻ സ്നേഹത്തിൻ ആഴമാർക്കും
അളക്കാൻ ആവില്ലേ ഭൂവിൽ എന്നമ്മേ
എനിക്കി ജന്മം  ദൈവം നൽകിയ
മരതകമല്ലേയോ അമ്മേ നീ
ഞാൻ ജനിച്ച നാൾമുതൽ
നീ എനിക്കു താങ്ങായ് തണലായ് നിന്നിടുന്നു
നിൻ സ്നേഹച്ചുഴിയിൽ അകപ്പെട്ടതെ  ഞാൻ
ഒരിക്കലും വേർപിരിയില്ലി ജന്മം
നിൻ സ്നേഹത്തിൻ പ്രതിഫലമായ്
ഒന്നുമെനിക്കില്ലെൻ അമ്മേ
നിനക്കായ് എൻ കൈയിൽ
ഒരു പിടി സ്നേഹം മാത്രം

anisia joby

# സന്ദർഭങ്ങൾ തിരിച്ചറിവുകൾ ആകുമ്പോൾ

കുടുംബം സമാധാനത്തിന്റെ തുറമുഖമാണ്. അത്തരംഒരു സമാധാനത്തിന്റെ തിരിഞ്ഞുനോട്ടമാണ് ഇത്. അമ്മയും അപ്പനും രണ്ട് പെൺമക്കളുയടങ്ങുന്ന ഒരു സന്തോഷം നിറഞ്ഞു തുളുമ്പുന്ന വീട്. അവരുടെ പേര് അമ്മു അച്ചു എന്നായിരുന്നു. അമ്മുവും അച്ചുവും രണ്ട് മിടുമിടിക്കികൾ നാട്ടുകാർക്കും വീട്ടുകാർക്കും കണ്ണിലു ണ്ണികളായിരുന്നു. അമ്മു +2വിൽ 100% വിജയം കരസ്ഥമാക്കി. പിന്നീട് ബാംഗ്ലൂരിൽ തുടർപഠനത്തിന് വിട്ടയച്ചു. പിറ്റേ വർഷം അച്ചുവും 100% ത്തോടെ വിജയിച്ച അവൾക്കും ചേച്ചിയോടൊപ്പം പോകാൻ താൽപ്പര്യമുണ്ടായി. പക്ഷെ ചേച്ചി അനുവദിച്ചില്ല. ബാംഗ്ലൂരിൽ ചെന്ന അമ്മുവിന് സുഹൃത്ത് ബന്ധങ്ങൾ മൂലം സ്വഭാവത്തിൽ മാറ്റങ്ങൾ വന്നു തുടങ്ങി. ലഹരി ഉപയോഗവും ആൺസുഹൃത്തുക്കൾ


ഫീസ് നൽകാൻ
സമയമാകുമ്പോൾ
മാത്രം വിളിക്കും
ആ വിളിയെങ്കിലും
കാത്ത് അച്ചനും
അമ്മയും ഇരിക്കും
മൂന്ന വർഷം
പിന്നിട്ടിട്ടും അവൾ
വീട്ടിൽ
തിരിച്ചെത്തുനില്ല.
അവസാനം അവൾ
വീട്ടിൽ വന്നു.
ആരെയും
ബഹുമാനവും
അനുസരണയും ഇല്ല.
ഇരുപത്തിനാല്
മണിക്കൂറും
മൊബൈൽ
ഫോണിനടിമയായി.
ഈ സ്വഭാവ
മാറ്റത്തിൽ അമ്മ
ശ്രദ്ധിച്ചു. ഒരു
സുഹൃത്തുമായി
പ്രണയബന്ധത്തിൽ
ആണവൾ. അവൻ
ലഹരി അടിമയായി
മാറിയിരുന്നു.
അവന്റെ പീഡനവും
ഉപദ്രവവും
സഹിക്കാനാവാതെ
അമ്മ ആത്മഹത്യ
ചെയ്തു. നാളുകൾക്കും
വർഷങ്ങൾക്കും
ശേഷം
അനിയത്തിയെതേടി
ഒരു പ്രണയബന്ധം
വന്നു. പക്ഷെ
ചേച്ചിയുടെ
ജീവിതാനുഭവങ്ങൾ
നേരിൽ
കണ്ടതിനാൽ അവൾ
തിരിച്ചറിവോടും
ബോധ്യത്തോടും
അതിന് എതിരെ
പൊരുതി ജയിച്ചു.



# അമ്മച്ചി പൂവാക

ഒരിടത്തൊരു കാട്ടിൽ ഒരു അമ്മച്ചി പൂവാക ഉണ്ടായിരുന്നു.ഒരിക്കൽ രണ്ടു കിളികൾ എന്തോ അൻനോഷിച്ച് നടക്കുന്നതായി അമ്മച്ചി കണ്ടു .അതു കണ്ട അമ്മച്ചി അവരോട് കാര്യം തിരക്കി .എന്താമക്കളെ നിങ്ങൾ അന്യേഷിക്കുന്നത് .ഞങ്ങൾ കൂടുകൂട്ടാൻ സ്ഥലം അന്യേഷിക്കുകയാണ് .അമ്മച്ചി പറഞ്ഞു ഞാനുമൊരു മരമാണ് മക്കളെ എന്നിലെ ശിഖരങ്ങളിൽ നിങ്ങൾക്ക് കൂടുക്കൂട്ടിക്കൊളളൂ.അത് പിന്നെ അമ്മച്ചി അമ്മച്ചിക്ക് നല്ല പ്രായം ഇല്ലേ ?അതിനാൽ ചിലപ്പോൾ ഞങ്ങൾ കൂടുക്കൂട്ടുന്ന ശിഖരങ്ങൾ ഒടിഞ്ഞ് വീണാലോ?ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് പരിക്കുപറ്റില്ലേഅത്കേട്ട്അമ്മച്ചിക്ക്സങ്കടമായി .അമ്മച്ചിയോട് ക്ഷമ ചോദിച്ച്അവർ മറ്റൊരു മരത്തിലേക്ക് പോയി.മറ്റൊരു ദിവസം കുറച്ചു മരം വെട്ടുകാർ ആ.. വഴി പോയപ്പോൾ അമ്മച്ചി പൂവാകയെ കണ്ടുമുട്ടി .അവർ അമ്മച്ചിയെ കണ്ട് ഇങ്ങനെ പറഞ്ഞു ഈ മരത്തിന് വളരെ പ്രായമുണ്ട് ഇത് മുറിച്ച് വിറ്റാൽ നിറയെ പണം ലഭിക്കും .പിറ്റേ ദിവസം അവർ തിരികെ വന്നു. അതുവഴി മുൻപേ വന്ന കിളികൾ അത് കണ്ടു .അവർ അവരുടെ കൂട്ടുകാരെ വിളിച്ചുകൂട്ടി.മരം വെട്ടുകാരേ ആ കിളികൾ കൊത്തി ഓടിച്ചു.അതിനു ശേഷം ആ കിളികൾ കുടുംബത്തോടെ അവിടെ താമസിച്ചു സന്തോഷത്തോടെ വർഷങ്ങളോളം..........

ananya mol p.b



# ഓർമ്മുടെ ജാലകം

ഓർക്കുന്നു ഞാൻ എന്റെ ബാല്യ കാലം
കളിയും ചിരിയും നിറഞ്ഞകാലം
സ്നേഹ ഉള്ളത്രു ബാല്യകാലം
ഓർക്കുന്നു ഞാൻ ആ ബാല്യ കാലം

കൂട്ടമൊത്തു ഞാൻ പള്ളികൂടത്തിൽ
പോകും കാലം അമ്മയെ വിട്ടു ഞാൻ
കൂട്ടരുമൊത്തു  പള്ളികൂടത്തിൽ പോകും കാലം
ജാതിയില്ല മതമില്ല ഞങ്ങൾക്കു സൗഹൃദം
മാത്രം ഉള്ള കാലം

പുസ്തകസഞ്ചിയിൽ കൊച്ചുനെല്ലിക്കയും
പൂക്കൾ പറച്ചു നടന്ന കാലം
കള്ളമില്ല ചതിയില്ല
മാത്രം ഉള്ള കാലം
അമ്മയോട് പറയാതെ കൂട്ടരുമൊത്ത്
കാട്ടിൽ പോകു നേരം അമ്മ
പറഞ്ഞതു ഓർക്കുന്ന ഞാൻ
ആ കാട്ടിൽ പോകാൻ പാടില്ല

ഇടിയും മഴയും പെയ്യും നേരം
മുറ്റത്തിറങ്ങി കളിച്ച കാലം
അമ്മ പറഞ്ഞതെല്ലാം ധിക്കരിച്ച്
ഞാൻ മഴയത്തു കളിച്ച നേരം

തുമ്പിയെയും പൂമ്പാറ്റയെയും പിടിക്കുനായി
ഓടി നടന്ന ആ ബാല്യ കാലം
അച്ഛന്റെ മടിയിലുറങ്ങുവനായി
അച്ഛനെ കാത്തിരുന്ന കാലം

തിരികെ വരില്ലെന്റെ ബാല്യകാലം
മരിക്കാത്ത ഓർമ്മകൾ തന്ന കാലം
ഇന്ന് ബാല്യം വെറുമൊരു ഓർമ്മ മാത്രം

MCHS

# നവമാധ്യമങ്ങളുടെ അതിപ്രസരണം

ഇന്നത്തെ കാലഘട്ടത്തിൽ മനുഷ്യജീവിത്തിൽ ഒഴിച്ചുകൂടാത്ത ഒന്നാണ് മാധ്യമങ്ങൾ. മാധ്യങ്ങളുടെ ഉപയോഗം ദിനംപ്രതി ഉയർന്നുവരുന്ന സാഹചര്യംആണ് ഇന്ന് നമ്മുടെ സമൂഹത്തിലുള്ളത്.

മാധ്യമങ്ങളുടെ ശരിയായ ഉപയോഗം മനസ്സിലാക്കാത്ത ഇതിന്റെ ചതിക്കുഴികളിൽപ്പെടുന്നവരുംനിരവധിയാണ്. ഒരു വസ്തുവിന് എപ്പോഴും രണ്ട് വശങ്ങളുണ്ട്. അതിന്റെ ദൂഷ്യഫലത്തെയും മനസ്സിലാക്കി അത് എങ്ങനെ ഉപയോഗിക്കണമെന്ന് തിരിച്ചറിയുമ്പോഴാണ് മാധ്യമം ഉപകാരപ്രദമാകുന്നത്. ദൈനംദിന ജീവിതത്തിൽ രാവിലെ ഉറക്കമുണർന്ന് വരുമ്പോൾമുതൽ മാധ്യമങ്ങൾ നമ്മുടെ ജീവിത ശൈലിയിൽ ഉൾപ്പെടുംമാധ്യമങ്ങൾ വളരെയധികം ഉപകാരപൂർണമാണ്.

ലോകത്തെ ഏതുകോണിലും എന്ത് സംഭവിച്ചാലും ഒരു നിമിഷംകൊണ്ട് നമ്മൾക്കതറിയാൻ ഇവ സഹായിക്കും. വീട്ടിലേക്കുള്ള പലചരക്കുകൾ വരെ ഇന്നത്തെ കാലത്ത് വാങ്ങുന്നത് ഇവയിലൂടെയായി തീരുന്നു. എന്നാൽ ഇത്രയും ഗുണങ്ങൾ ഉള്ളത്പോലെത്തന്നെ അല്ലെങ്കിൽ ഇതിലും കൂടുതൽ ദൂഷ്യഫലങ്ങൾ നമ്മളെ കാത്തിരിക്കുന്നുണ്ട് മാധ്യമങ്ങളിൽ.പിഞ്ചുക്കുഞ്ഞുങ്ങൾ മുതൽ മുതിന്നവർവരെ ഒരുപോലെ ഉപയോഗിക്കുന്ന ഒന്നായി മാറി മൊബൈൽ ഇതിന്റെയുള്ളിലുള്ള പല ചതിക്കുഴിയും മനസ്സിലാകാതെ പോകുന്നു ഇന്നത്തെ തലമുറ.

ഫോൺ വാങ്ങിതരാത്തതിനെ തുടർന്ന് ആത്മഹത്യ,മാതാപിതാക്കളെ ഉപദ്രവിക്കുക ഇതെല്ലാം ഇന്ന് നമ്മുടെ സമൂഹത്തിൽ ഒരു ആശ്ചര്യവുമില്ലാത്ത കാര്യങ്ങളായി മാറുന്നു.

മാധ്യമങ്ങളുടെ അതിപ്രസരം മൂലം ഇന്ന് കുട്ടികൾ ഒട്ടും സുരക്ഷിതരല്ല. ഇൻസ്റ്റഗ്രം, ഫേസ്ബുക്ക്, വാട്ട്സപ്പ് തുടങ്ങിയ വാർത്തവിനിമയ ആപ്പുകൾ ഇന്ന് ഒരു വലിയ ചതിക്കുഴി തുറന്നു കാട്ടുന്നു. ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള ലൈംഗിക ബന്ധങ്ങൾക്ക് ഇത് വഴി തിരിക്കുന്നു. നല്ല സൗഹൃദം സ്ഥാപിച്ച് പിന്നീട് അത് ഒരു ബന്ധം സ്ഥാപിക്കാവനുള്ള വഴിയായി മാറ്റുകയാണ് ഇന്നത്തെ തലമുറ.

മാധ്യമങ്ങളുടെ ദൂഷ്യവശങ്ങൾ ഉപയോഗിച്ച് ബ്ലാക്ക്മെയിലിങ്ങ്, സൈബർക്രൈം തുടങ്ങി പല പ്രവൃത്തിക്കും ഇന്ന് ഉയർന്നുവരുന്നു. ഹാക്കർമാരുടെ തന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഹാക്കിങ്ങിനും ഇന്ന് വളരെ എളുപ്പമാകുന്നു. അമിതമായ മാധ്യമങ്ങളുടെ ഉപയോഗം ഇതിനോടും ഉള്ള അഡിക്ഷനിലേക്ക് വഴിയാകുന്നു. തുടരെയുള്ള ഉപയോഗം മൂലം ഇതും ഒരു ലഹരിയായി മാറുന്നു. ഇതുനെല്ലാം സാക്ഷിയാകുന്ന പല സംഭവങ്ങളും നാം ഇന്ന് വാർത്തകളിലൂടെ കാണുന്നു തെറ്റായ പരസ്യങ്ങൾ കാട്ടി അവയോടുള്ള ആകർഷണം കൂട്ടുകയാണ് പരസ്യ കമ്പനികൾ. ഒരു ദിവസംകൊണ്ട് ജീവിതം മാറിമറയും എന്നുള്ള വ്യാജപരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് മൂലം ഇവ കാണുന്ന വ്യക്തികൾ അത് വാങ്ങാനുള്ള താത്പര്യം ഉണ്ടാകുന്നു. അതിനായി പിന്നെ എങ്ങനെയും പണം ഉണ്ടാക്കണം എന്ന ചിന്തയാകും മനുഷ്യമനസ്സുകളിൽ. മാറുന്നു മാധ്യമങ്ങൾ. മനുഷ്യരുടെ ചിന്തശക്തിയും ക്രിയാത്മകതയും ഇച്ഛഷക്തിയും നശിപ്പിക്കാൻ കാരണമാകുന്നു ഇവ. ഇരുപത്തിനാല് മണിക്കൂറും ഇവ ഉപയോഗിക്കാനുള്ള താത്പര്യം സൃഷ്ടിക്കുന്നു മാധ്യമങ്ങൾ.

. ചെറിയകുട്ടികൾ വരെ കണ്ണുമായി ബന്ധപ്പെട്ട രോഗത്തിന് ബാധിതരാകുന്നു. കുട്ടികളെ ആകർഷിക്കുന്ന കാർട്ടൂണുകൾ കൂടുതൽ നിർമ്മിക്കുന്നത് മൂലം കുട്ടികൾ ഇവയ്ക്ക് അഡിക്റ്റ് ആവുന്നു. ജനിച്ച് വീഴുന്ന കുഞ്ഞുങ്ങളെ ഉറക്കുവാൻ പാടുന്ന താരാട്ട് പാട്ടുകൾ വരെ മാധ്യമങ്ങൾ വഴി കേൾപ്പിച്ചാണ് ഉറക്കുന്നത്. മാധ്യമങ്ങൾ വഴി കാണുന്ന വീഡിയോകൾ അനുകരിക്കുകയും അത് ജീവിതത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നത് ഒരു ട്രെൻഡ് ആകുന്നു. മാധ്യമങ്ങൾ വഴി പരിചയപ്പെട്ട് സൗഹൃദം സ്ഥാപിച്ച് പിന്നീട് അവ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നത് ഇന്ന് ഈ സമൂഹത്തിൽ അനവധിയായി മാറുന്നു. മാധ്യമങ്ങൾ മൂലമുള്ള ദൂഷ്യഫലങ്ങൾ വളരെയധികമാണ്. ഒരു

നാണയത്തിന്റെ ഇരുവശംപോലെ നന്മയും തിന്മയും ഇവയ്ക്കുമുണ്ട്. ഒരുവശത്ത് വളരെ പ്രയോജനവും സമയലാഭവും ജോലികൾ എളുപ്പത്തിൽ ആക്കാനും മാധ്യമം വഹിക്കുന്ന പങ്ക് ചെറുതല്ല. സർക്കാർ സേവനങ്ങൾ വീട്ടിലിരുന്നുകൊണ്ട് ചെയ്യാൻ കഴിയും വിധംകാലം ഉയരുമ്പോഴും അതിന്റെ ദൂഷ്യഫലങ്ങൾ കണ്ട് പിടിച്ച് അവ വഴി ലാഭം കൊയ്യുന്ന മനുഷ്യരും ഇന്ന് നമ്മുടെ സമൂഹത്തിൽ ഒട്ടനവധിയാണ്. നന്മയും തിന്മയും തിരിച്ചറിയാനുള്ള വിവേകം നഷ്ടപ്പെട്ട് പോവുകയാണ് മനുഷ്യർക്ക്. അശ്ലീലവീഡിയോകൾ കാണുവാൻ യുവജനങ്ങൾ പ്രേരിതരാകുന്നു. കൗമാരപ്രായക്കാരിൽ പ്രധാനമായുള്ള സ്വഭാവ വ്യത്യാസങ്ങളും ഉപയോഗപ്പെടുത്തി അവ നീചമായി ഉപയോഗിക്കുന്നു. ഏതു വഴിയും പണം നേടണം എന്ന

ഒരു മാധ്യമത്തിന്റെ നല്ല
വശത്തെക്കാൾ കൂടുതലായുള്ളത്
അതിന്റെ ചീത്തവശമാണ്.
അതിനെ എങ്ങനെ
ഉപയോഗിക്കണം എന്ന്
മനസ്സിലാക്കുമ്പോഴാണ് മനുഷ്യന്റെ
ഇച്ഛാശക്തി
ഉപയോഗപ്രദമാകുന്നതും,
മാധ്യമങ്ങൾ
പ്രയോജനമായിത്തീരുന്നതും.
നമ്മളറിയാതെ നമ്മൾക്കായി
കാത്തിരിക്കുന്ന ചതിക്കുഴികളിൽ
വീഴാതെ സൂക്ഷിക്കേണ്ടത്
ഇന്നത്തെ തലമുറയുടെ ഒരു
അത്യാവശ്യഘടകമാണ്.
മനുഷ്യരിലുള്ളവാകുന്നു.
മണിച്ചേയ്ൻ പോലുള്ള പല
ചതിക്കുഴികളിലും ഇവ
എത്തിക്കുന്നു.
നമ്മളറിയാതെ നമ്മൾക്കായി
കാത്തിരിക്കുന്ന ചതിക്കുഴികളിൽ
വീഴാതെ സൂക്ഷിക്കേണ്ടത്
ഇന്നത്തെ തലമുറയുടെ ഒരു
അത്യാവശ്യഘടകമാണ്.



മനുഷ്യർക്ക് വേണ്ടി
മനുഷ്യരാൽ നിർമ്മിക്കുന്ന
മാധ്യമങ്ങൾ മനുഷ്യർക്ക്
ശരിക്കുംപ്രയോജനകരമാണോ
എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.
പുതുതലമുറ ഇതിനെ എങ്ങനെ
ൊ നോക്കികാണുന്നു ഇതെല്ലാം
ഒരു ചോദ്യചിഹ്നമാണ് ഇന്ന്
നമ്മുടെ മുന്നിൽ മാധ്യമങ്ങ
തിപ്രസരണം തടയേണ്ടത് ഒരു
അത്യാവശ്യമായ ഘടകമായി
മാറിയിരിക്കുന്നു ഇന്നത്തെ
കാലഘട്ടത്

anandhu k.s

# സുക്ഷിച്ചാൽ ദുഃഖിക്കേണ്ട



പണ്ട് പണ്ട് കിങ്ങിണി പുഴയുടെ തീരത്ത് ഒരു അത്തി മരമുണ്ടായിരുന്നു. ആ അത്തിമരത്തിൽ ചങ്ങാതിമാരായ വാലൻ കുരങ്ങും അണ്ണാരകണ്ണനും താമസിച്ചിരുന്നു. നിറയെ ശിഖരങ്ങളുള്ള ആ അത്തിമരത്തിൽ ധാരാളം അത്തിപഴം ഉണ്ടായിരുന്നു. ചങ്ങാതിമാർ ദിവസവും ഈസ്വദുള്ള അത്തിപ്പഴം കഴിക്കാറുണ്ട്. അങ്ങനെ അരിക്കെ ഒരു ദിവസം ഒരു വലിയ മുതല അവരുടെ അടുത്തെക്ക് എനിക്ക് ഒരു അത്തിഴം തരുമോ എന്ന് ചോദിച്ചു. മുതലകൾ പഴങ്ങൾ തിന്നാറില്ലല്ലോ?എന്ന് അണ്ണാരകണ്ണൻ ചോദിച്ചപ്പോൾ വിശന്നാൽ എന്തെങ്കിലും തിന്നല്ലെ പറ്റു എന്ന് പറഞ്ഞു. വാലൻ കുരങ്ങ് മുതലക്ക് നിറയെ അത്തിപ്പഴം കൊടുത്തു. അത്തിപ്പഴം കഴിച്ച് കുരങ്ങനൊട് നന്ദി പറഞ്ഞ് തിരിച്ച് പോയി.കുരങ്ങൻ മുതലയോട് കൂട്ട്കൂടുന്നത് അണ്ണാരകണ്ണന് ഇഷ്ടമായില്ല.

നീ എന്തിനാ ആ മുതലയോട് കൂട്ടായത് അവൻ മൃഗങ്ങളെ കഴിക്കുന്ന ക്രൂരനാണ് അപ്പോൾ കുരങ്ങൻ പറഞ്ഞു:അല്ലകണ്ണാ അവനൊരു പാവമാണെന്ന് കണ്ടാൽ അറിയില്ലേ. അപ്പോൾ അണ്ണാരക്കണ്ണൻ പറഞ്ഞു:നീ നോക്കിക്കോ തക്കം കിട്ടിയാൽ അവൻ നമ്മളെയും പിടിച്ചു തിന്നും "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട". കിങ്ങിണി പുഴയുടെ അക്കരെ വാഴപ്പഴം പഴുത്തു നിന്നത് അണ്ണാരക്കണ്ണൻ കണ്ടിരുന്നു. വാലൻ കുരങ്ങാ നമുക്ക് ആ പഴം തിന്നാൻ അക്കരെ പോയാലോ എന്ന് ചോദിച്ചപ്പോൾ ഞാനില്ല ഞാൻ എന്റെ ഒരു ചങ്ങാതിയെ കാത്തിരിക്കുകയാണെന്ന് വാലൻ കുരങ്ങ് പറഞ്ഞു. പുതിയ കൂട്ടുകാരനെ കിട്ടിയപ്പോൾ പഴയ ചങ്ങാതിയെ മറന്നല്ലെടാ ചങ്ങാതി എന്നു പറഞ്ഞ് പഴം തിന്നാൻ അക്കരയില്ലേക്ക് പോയി.
കിങ്ങിണിപ്പുഴയുടെ
മറുക്കരയിലെ പാറക്കൂട്ടങ്ങളിലാണ് മുതല താമസിക്കുന്നത് അത്തിപ്പഴത്തിന്റെ രുചിയറിഞ്ഞ മുതല പുഴനീന്തി ഇക്കരെ വരുമായിരുന്നു. ഒരു ദിവസം മുതല വാലനോട് ഒരു കുല അധികമായി ചോദിച്ചു.വീട്ടിൽ പോയിരുന്നു തിന്നാനാണോ കൂട്ടുകാരാ എന്ന് ചോദിച്ചപ്പോൾ അല്ല ഇതെന്റെ ഭാര്യ നീലിക്ക് കൊടുക്കാനാണെന്ന് മുതല പറഞ്ഞു. കുരങ്ങൻ രണ്ട് കുല അത്തിപഴം നീലിക്കായി കൊടുത്തുവിട്ടു. മുതല ഭാര്യ നീലിക്ക് കൊണ്ട് കൊടുത്തു.ആദ്യമായി അത്തിപഴം തിന്ന നീലിക്ക്
അത്തിപഴം വളരെ ഇഷ്ടമായി. ഹായ്! എന്ത് രുചി . നല്ല മധുരം നീല് പറഞ്ഞു. ഇത് എന്റെ ചങ്ങാതിയായ വാലൻ കുരങ്ങ് തന്നതാണ്. അവനിതാണ് എന്നും തിന്നാറ് എന്ന് മുതല പറഞ്ഞു.

ഈ അത്തിപഴത്തിന് ഇത്രരുചിയാണെങ്കിൽ എന്നും തിന്നുന്ന അവന്റെ ഹൃദയം എത്ര മധുരമുള്ളതായിരിക്കും. നീലി ചോദിച്ചു. എനിക്ക് അവന്റെ ഹൃദയം വേണം മുതല -അവൻ എന്റെ ചങ്ങാതിയാണ് ഞാൻ എങ്ങനെ നിനക്ക് ആ ഹൃദയം തരും. അതൊന്നും എനിക്കറിയണ്ട നിങ്ങൾക്ക് എന്നോടാണൊ ആ കുരങ്ങനൊടാണോ ഇഷ്ടം എന്നെനിക്കറിയണം എന്ന് പറഞ്ഞ് നീലി പിണങ്ങി .

ബുദ്ധിമാനായ കുരങ്ങനെ പറ്റിച്ച് കൂട്ടികൊണ്ട് വരാൻ എന്തെങ്കിലും കൌശലം കാണിച്ചേ മതിയാകൂ. അത്തിപഴവുമായി പോയ മുതല ഉടനെ തിരിച്ച് വന്നത് കണ്ട് കുരങ്ങൻ ചോദിച്ചു എന്താ ചങ്ങാതി ?
എന്റെ ഭാര്യക്ക് അത്തിപ്പഴം വളരെ ഇഷ്ടമായി നിനക്കൊരു ഗംഭീര സദ്യ ഒരിക്കിട്ടുണ്ട് നിന്നെ കൊണ്ട് പോവാൻ വന്നതാ .കുരങ്ങന് സന്തോഷമാതയി . സദ്യ എന്ന് കേട്ടപ്പോൾ അവന്റെ വായിൽ വെള്ളമൂറി കൊതിയോടെ അത്തിപ്പഴവുമായി മുതലയുടെ പുറത്തിരുന്ന് യാത്രതുടങ്ങി. കുറച്ച് കഴിഞ്ഞ് മുതല സത്യം പറഞ്ഞു. എന്റെ ഭാര്യയായ നീലിക്ക് നിന്റെ ഹൃദയം വേണം എന്ന് പറഞ്ഞു. അല്ലാതെ സദ്യ ഒന്നും ഇല്ല .

അബദ്ധം മനസിലായ കുരങ്ങന് ഒരു ബുദ്ധിതോന്നി . ചാങ്ങാതി ഇത് നേരത്തേ പറയണ്ടേ ഞാൻ എന്റെ ഹൃദയം ആരും എടുക്കാതിരിക്കാൻ അത് ആ മരത്തിൽ വെച്ചിരിക്കുകയാണ് . ഇത് നീ നേരത്തെ പറയണ്ടേ ഞാൻ അത് എടുക്കില്ലായിരുന്നോ. എന്നാൽ നമുക്ക് തിരികെ പോവാം  അവർ തിരിച്ച് നീന്തി മരത്തിനടുത്തെത്തി. കുരങ്ങ് മരത്തിൽ കയറി നിന്ന് പറഞ്ഞു. എടാ ചതിയാ എന്റെ കുട്ടുകാരൻ പറഞ്ഞതാണ് നിന്റെ കൂടെ കൂട്ട് കൂടണ്ടാന്ന്. ഹൃദയം മരത്തിൽ വെച്ചാൽ ഞാൻ എങ്ങനെ ജീവിക്കും. ദുഷ്ട്ടനായ നിന്നോട് കൂട്ട് കുടാൻ പാടില്ലായിരിന്നു.

ഹൃദയം കിട്ടില്ല എന്ന് മനസിലായ മുതല തിരികെ പോയി പിന്നീടൊരിക്കലും അത്തിപഴം തിന്നാൻ മുതല വന്നിട്ടില്ല. വാലൻ കുരങ്ങനും അണ്ണാരകണ്ണനും ഏറെ കാലം സന്തോഷത്തോടെ ആ അത്തിമരത്തിൽ ജീവിച്ചു.

**അനു കെ**




നന്ദി